അടിത്തട്ട്

മധുസൂദനൻ

അടിത്തട്ട്
Madhusudhanan
(Malayalam: Article)

© 2021, Madhusudhanan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Autumn of Central Paris (after Walter Benjamin) R. B. Kitaj, oil on canvas, 1972–73.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അടിത്തട്ട്

ബ്രിട്ടീഷ് അമേരിക്കൻ ആർട്ടിസ്റ്റ് R. B. Kitaj-ന്റെ The Autumn of Central Paris (after Walter Benjamin) എന്നു പേരുള്ള 1972-ൽ വരച്ച ചിത്രം Walter Benjamin-ന്റെ ജീവിതത്തിലെ ചില സന്ദർഭങ്ങളും, ഇഷ്ടങ്ങളും കൂട്ടിച്ചേർത്തു നിർമ്മിച്ച സംഭ്രാന്തമായ പ്രഹേളിക പോലെയാണ്. Picture puzzle-ന് പുറത്തേയ്ക്കു വാതിലുകളില്ല. ഫ്രാൻസിലെ Chartres എന്ന ദേവാലയത്തിൽ (ദൈവത്തെ നേരിട്ടു കാണണമെന്നുണ്ടെങ്കിൽ Chartres-ൽ പോയാൽ മതി എന്ന് വിക്ടർ യുഗോ!) തറയിൽ ഭീമാകാരനായ ഒരു രാവണൻകോട്ട (labrynth) പണിതിട്ടുണ്ട്. അതിന്റെ ഛായയുണ്ട് ചിത്രഘടനയ്ക്ക്. (എന്റെ തോന്നലാണ്!) Chartres ദേവാലയത്തിലെ കറുത്ത കന്യാമറിയത്തെ പ്രാർഥിക്കുന്നവർ നിൽക്കേണ്ടത് എല്ലാ വാതിലുകളുമടഞ്ഞ labrynth-ന് നടുവിലാണ്.

Kafka, drawing on paper by Madhusudhanan, 2020.

അടിത്തട്ടിൽ നിന്ന് പ്രതിരോധനിര (barricade ബഞ്ചമിന്റെ കൃതികളിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന ഒരു ബിംബമാണ്) തകർക്കാനായി തൊഴിലാളി പിക്കാസുമായെത്തുന്നുണ്ട്. മുകൾത്തട്ടിലാണ് 1940-ലെ ജാലകങ്ങളോ വാതിലുകളോ ഇല്ലാത്ത പാരീസിയൻ കഫെറ്റേരിയ. തീർച്ചയായും തിരിച്ചറിയാൻ കഴിയും, അവിടെ വാൾട്ടർ ബെഞ്ചമിനും നില്പുണ്ട്. 1940-ലാണ് പാരീസ് നാസികളുടെ പിടിയിലാവുന്നത്. 40-ൽ തന്നെയാണ് ഫ്രാൻസിന്റെയും സ്പെയിനിന്റെയും അതിർത്തിയിൽ വാൾട്ടർ ബെഞ്ചമിൻ നാസികളുടെ പിടിയിലാവുമെന്ന് ഭയന്ന് ആത്മഹത്യ ചെയ്യുന്നത്. ജന്മംകൊണ്ട് ജൂതനായിരുന്നു Kitaj, കാഫ്കയെയും ബഞ്ചമിനെയും പോലെ. അതുകൊണ്ടുകൂടിയാവാം അയാളുടെ കലയിൽ വാൾട്ടർ ബെഞ്ചമിനും, കാഫ്കയും, വായ തുറന്ന നിലയിൽ ബുഹെൻവാൾഡും (Buchenwald) കൂടെക്കൂടെ പ്രത്യക്ഷപ്പെട്ടിരുന്നത്. അമേരിക്കൻ പോപ്പ് ആർട്ടിന്റെ ലക്ഷണങ്ങളുള്ള ശൈലിയിലായിരുന്നു R. B. Kitaj വരച്ചിരുന്നത്. അയാൾ തന്റെ പെയ്ന്റിങ്ങുകളിലേക്ക് ഉദ്ധരണികൾ കൊണ്ടുവന്നു. കവിതയും എഴുത്തുകാരുടെ മുഖങ്ങളും പുസ്തകങ്ങളുടെ കവർചട്ടകളും അയാൾ പെയിന്റിങ്ങുകളിൽ സമൃദ്ധമായി ഉപയോഗിച്ചു. എന്നാൽ ഈ ചിത്രത്തിൽ ഒരു കുറവുണ്ടെന്നു എനിക്ക് തോന്നിയിട്ടുണ്ട്. ദരിദ്രനായിരുന്ന ബെഞ്ചമിൻ പണം കൊടുത്തു വാങ്ങി സൂക്ഷിച്ചിരുന്ന പോൾ ക്ലേയുടെ (Paul Klee) മാലഖ ചിറകുകൾ! (Angelus Novus—Paul Klee: Monoprint on paper: 1920. ബെഞ്ചമിന്റെ മരണശേഷം ഇന്നീ ചിത്രം ജറുസലേമിലെ ഇസ്രായേൽ മ്യൂസിയത്തിലാണ് സൂക്ഷിച്ചിരിക്കുന്നത്.) മരണത്തിന് തൊട്ടുമുൻപ് വാൾട്ടർ ബെഞ്ചമിൻ പൂർത്തിയാക്കിയ 'Theses on the Philosophy of History' എന്ന ലേഖനത്തിലെ ഒമ്പതാം ഖണ്ഡത്തിലാണ് ഈ മാലാഖ പ്രത്യക്ഷപ്പെടുന്നത്. അടിത്തട്ടിൽ നിന്നും കൊടുങ്കാറ്റ് ആകാശത്തിലേക്കുയരുന്നുണ്ട്. നേർത്ത കടലാസ്സിൽ സുതാര്യമായ നിറങ്ങളാൽ വരച്ച പോൾ ക്ലേയുടെ കുഞ്ഞിച്ചിറകുകളുള്ള മാലാഖ ഹൃദയമിടുപ്പുപോലെ...

Angelus Novus—Paul Klee, monoprint on paper, 1920.

> "A Klee painting named Angelus Novus shows an angel looking as though he is about to move away from something he is fixedly contemplating. His eyes are staring, his mouth is open, his wings are spread. This is how one pictures the angel of history. His face is turned toward the past. Where we perceive a chain of events, he sees one single catastrophe which keeps piling wreckage upon wreckage and hurls it in front of his feet. The angel would like to stay, awaken the dead, and make whole what has been smashed. But a storm is blowing from Paradise; it has got caught in his wings with such violence that the angel can no longer close them. The storm irresistibly propels him into the future to which his back is turned, while the pile of debris before him grows skyward. This storm is what we call progress."
>
> Walter Benjamin.

Walter Benjamin, drawing on paper by Madhusudhanan.

□

മധുസൂദനൻ

ആലപ്പുഴ ജില്ലയിലെ കടലോരപ്രദേശത്തു ജനിച്ചു. തിരുവനന്തപുരം ഫൈൻ ആർട്ട് കോളജിൽ നിന്നും ബറോഡയിലെ എം. എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും കലാപരിശീലനം. ഇപ്പോൾ സമകാലീനകലയിൽ സാധ്യമാവുന്ന എല്ലാ മാധ്യമങ്ങളും ഉപയോഗിച്ച് കലാപ്രവർത്തനം നടത്തുന്നു. കലാപ്രവർത്തനങ്ങൾക്കായി ഫിലിം എന്ന മാധ്യമം വിദഗ്ദമായി ഉപയോഗിച്ചതിന് ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ നിന്ന് രണ്ടു തവണ ആദരം. 'മാർക്സ് ആർകൈവ്' എന്ന ഇൻസ്റ്റലേഷൻ രണ്ടാമത്തെ കൊച്ചി മുസരീസ് ബിയനാലെയിൽ പ്രദർശിപ്പിച്ചിരുന്നു. 2015-ലെ വെനീസ് ബിയനാലെയിൽ 'മാർക്സ് ആർകൈവ്', 'പീനൽ കോളനി' എന്നീ ഇൻസ്റ്റലേഷനുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. 'ബയസ്കോപ്' എന്ന സിനിമക്ക് മൂന്ന് അന്തർദേശീയ പുരസ്കാരങ്ങൾ. ബയസ്കോപ് അഞ്ചു സംസ്ഥാന പുരസ്കാരങ്ങളും ദേശീയ അവാർഡും നേടിയിരുന്നു. ഡൽഹിയിലും കേരളത്തിലുമായി ജീവിക്കുന്നു.

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014